10661
24/10/20

കേരള സർക്കാർ

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസിൽ ചട്ടം 14(e) ഉൾപ്പെടുത്തിയ കാര്യവും അനുബന്ധ വിഷയങ്ങളും പഠിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുവാൻ നിയമിക്കപ്പെട്ട ജസ്റ്റിസ്.കെ.കെ.ദിനേശൻ കമ്മീഷന്റെ ഓഫീസിലേക്ക് തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്**

**സ.ഉ (കൈ) നം.12/2020/ഉ.ഭ.പ.വ തീയതി, തിരുവനന്തപുരം, 23/10/2020**

പരാമർശം:— സ.ഉ (കൈ) നം. 15/2019/ഉ.ഭ.പ.വ തീയതി: 20-12-2019

**ഉത്തരവ്**

1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസിൽ ചട്ടം 14(e) ഉൾപ്പെടുത്തിയ കാര്യവും അനുബന്ധ വിഷയങ്ങളും പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശ ഉത്തരവ് പ്രകാരം ജസ്റ്റിസ്.കെ.കെ.ദിനേശൻ ചെയർമാനായി ഒരു കമ്മീഷനെ നിയമിച്ച് ഉത്തരവായിരുന്നു.

ടി കമ്മീഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിലേക്കായി അണ്ടർ സെക്രട്ടറി തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥന്റെയും കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ രണ്ട് ഉദ്യോഗസ്ഥരുടെയും സേവനവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും അടിയന്തരമായി ഒരുക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കമ്മീഷന്റെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. കമ്മീഷന്റെ പ്രവർത്തനം അവസാനിക്കുന്നതുവരെ ചുവടെ ചേർത്തിട്ടുള്ള തസ്തികകൾ താത്കാലികമായി സൃഷ്ടിച്ച് ഉത്തരവാകുന്നു.

| തസ്തിക | എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|
| അണ്ടർ സെക്രട്ടറി | ഒന്ന് | 45800-89000 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | രണ്ട് | 20000-45800 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

**ഡോ. ആഷ തോമസ്,**
**അഡീഷണൽ ചീഫ് സെക്രട്ടറി.**

ജസ്റ്റിസ്. കെ. കെ. ദിനേശൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, നാലാം നില, ട്രിഡ ബിൽഡിംഗ്, യൂണിവേഴ്സിറ്റി പി ഒ, തിരുവനന്തപുരം - 695 034.

പൊതുഭരണ (എസ്.സി) വകുപ്പ്.
ധനകാര്യ വകുപ്പ് (29-09-2020-ലെ EXP-A3/50/2020-FIN നമ്പർ റിമാർക്സ് പ്രകാരം).
പൊതുഭരണ (സ്പെഷ്യൽ-ബി) വകുപ്പ് [സ.ഉ (സാധാ) നം. 2674/2020/പൊ ഭ വ തീയതി : 27-08-2020 നമ്പർ ഉത്തരവ് പ്രകാരം].
പൊതുഭരണ (സർവ്വീസസ്-ഇ) വകുപ്പ് [24-09-2020-ലെ എസ് ഇ 3/24/2020-പൊ ഭ വ നമ്പർ മെമ്മോ പ്രകാരം].
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (മാധ്യമങ്ങളിലൂടെ പ്രചരണത്തിന്).
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 21-10-2020

ഫയൽ നം. റൂൾസ്-1/383/2019-ഉ.ഭ.പ.വ. ഇനം നം: 4291

വിഷയം : ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മീഷന്റെ പ്രവർത്തനത്തിനായി ഒരു അണ്ടർ സെക്രട്ടറി തസ്തികയും രണ്ട് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയും താൽക്കാലികമായി സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | റൂൾസ്-1/383/2019-ഉ.ഭ.പ.വ. |
| 2. | വകുപ്പ് | : | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ് |
| 3. | വിഷയം | : | ജസ്റ്റിസ്.കെ.കെ.ദിനേശൻ കമ്മീഷന്റെ പ്രവർത്തനത്തിനായി ഒരു അണ്ടർ സെക്രട്ടറി തസ്തികയും രണ്ട് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയും താൽക്കാലികമായി സൃഷ്ടിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 09/10/2020 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ആണ്. |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ബാധകമല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.നാസറുദീൻ.എ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.ആഷ തോമസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.10.2020 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19.10.2020 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20.10.2020 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിക്കുന്ന തീയതി | : | 20.10.2020 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | 21.10.2020 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | സ.ഉ. (കൈ) നം.12/2020/ഉ.ഭ.പ.വ തീയതി: 23.10.2020 |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസിൽ ചട്ടം 14(e) ഉൾപ്പെടുത്തിയ കാര്യവും അനുബന്ധ വിഷയങ്ങളും പഠിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുവാൻ നിയമിക്കപ്പെട്ട ജസ്റ്റിസ്.കെ.കെ.ദിനേശൻ കമ്മീഷന്റെ ഓഫീസിലേക്ക് തസ്തികകൾ സൃഷ്ടിക്കുന്ന വിഷയവുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസിൽ ചട്ടം 14(e) എന്ന ഒരു വ്യവസ്ഥ 2006-ൽ പുതുതായി ഉൾപ്പെടുത്തിയിരുന്നു. ഈ വ്യവസ്ഥ പ്രകാരം പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ സപ്ലിമെന്ററി ലിസ്റ്റിൽ ഓരോ സംവരണ സമുദായത്തിനും അനുവദിച്ചിട്ടുള്ള സംവരണ ക്വാട്ട ഉറപ്പാക്കുന്നതിനായി റാങ്ക് പട്ടികകളിൽ ഓരോ സംവരണ സമുദായത്തിനും അനുവദിച്ചിട്ടുള്ള സംവരണ ക്വാട്ടയുടെ അഞ്ച് മടങ്ങിൽ കുറയാത്ത ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി സപ്ലിമെന്ററി ലിസ്റ്റുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. ഇത് പിന്നീട് റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടിനൽകാനുള്ള ആവശ്യങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും പുറമേ, ഉദ്യോഗാർത്ഥികളിൽ നിന്നുള്ള നിരന്തരമായ പരാതികൾക്കും നിവേദനങ്ങൾക്കും വഴിയൊരുക്കുന്നുണ്ട്. ഇക്കാര്യവും ഉചിതമായ അനുബന്ധ വിഷയങ്ങളും അപഗ്രഥിച്ച് സർക്കാരിന് മൂന്നുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ ജസ്റ്റിസ്.കെ.കെ.ദിനേശനെ കമ്മീഷനായി നിയമിക്കുവാൻ 18.12.2019-ലെ മന്ത്രിസഭായോഗം തീരുമാനിച്ചിരുന്നു. അതിൻ പ്രകാരം 20.12.2019-ലെ സ.ഉ (എം.എസ്)നം.15/2019/ഉ.ഭ.പ.വ പ്രകാരം കമ്മീഷനെ നിയമിച്ച് ഉത്തരവായിരുന്നു.

3. കമ്മീഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിലേക്കായി താഴെ പറയുന്ന സൗകര്യങ്ങൾ ആവശ്യപ്പെട്ടിരുന്നു:-

1. മെമ്പർ സെക്രട്ടറി
2. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
3. അസിസ്റ്റന്റ്/ക്ലാർക്ക്
4. വാഹനം
5. സ്റ്റേഷനറി
6. ഓഫീസ്

4. കമ്മീഷന്റെ പ്രവർത്തനത്തിന് തിരുവനന്തപുരം ഐ.എം.ജി-യിൽ രണ്ട് അനുയോജ്യമായ മുറികൾ 08.09.2020-ലെ സ.ഉ (സാധാ) നം.189/2020/ഉ.ഭ.പ.വ പ്രകാരം അനുവദിച്ചിട്ടുണ്ട്. തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ച വരവേ അണ്ടർ സെക്രട്ടറി തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥനെയും കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിലെ രണ്ട് ഉദ്യോഗസ്ഥരുടെയും സേവനവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും അടിയന്തിരമായി ഒരുക്കണമെന്ന് കമ്മീഷൻ അറിയിക്കുകയുണ്ടായി.

5. തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നത് വീണ്ടും കാലതാമസം ഉണ്ടാകും എന്ന വസ്തുത പരിഗണിച്ച് വർക്കിംഗ് അറേഞ്ച്മെന്റ് മുഖേന ഉദ്യോഗസ്ഥരെ നിയമിക്കാൻ പൊതുഭരണ വകുപ്പിനോട് ആവശ്യപ്പെടുകയും ഓഫീസ് പ്രവർത്തനം തുടങ്ങുന്നതിന് ഒരു അണ്ടർ സെക്രട്ടറിയെയും രണ്ടു കമ്പ്യൂട്ടർ അസ്സിസ്റ്റന്റിനെയും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ച് പൊതുഭരണ വകുപ്പ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

6. 15/01/1992 തീയതിയിലെ 1015/D2/92/P&ARD സർക്കുലർ പ്രകാരം ഉദ്യോഗസ്ഥരെ വർക്കിംഗ് അറേഞ്ച്മെന്റ് മുഖേന നിയമിക്കാൻ പാടില്ലായെന്ന

നിർദ്ദേശം നിലനിന്നിരുന്നതിനാൽ, കമ്മീഷനു വേണ്ടി മെമ്പർ സെക്രട്ടറിയായി ഒരു അണ്ടർ സെക്രട്ടറിയുടെയും രണ്ടു കമ്പ്യൂട്ടർ അസ്സിസ്റ്റന്റിന്റെയും താത്കാലിക തസ്തികകൾ മൂന്നു മാസത്തേക്ക് സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി തേടിയപ്പോൾ ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം അറിയിച്ചിട്ടുണ്ട്:-

"സ.ഉ(കൈ)നം.15/2019/ഉ.ഭ.പ.വ പ്രകാരം നിയമിച്ചിട്ടുള്ള ജസ്റ്റിസ്.കെ.കെ. ദിനേശൻ കമ്മീഷനുവേണ്ടി മെമ്പർ സെക്രട്ടറിയായി ഒരു അണ്ടർ സെക്രട്ടറിയുടെയും രണ്ടു കമ്പ്യൂട്ടർ അസ്സിസ്റ്റന്റിന്റെയും താത്കാലിക തസ്തികകൾ മൂന്നു മാസത്തേക്ക് മാത്രം സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു .

ഇതിനു ബഹു ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട് "

7. മേൽ സാഹചര്യത്തിൽ ജസ്റ്റിസ്.കെ.കെ.ദിനേശൻ കമ്മിഷന്റെ പ്രവർത്തനത്തിനായി ഒരു അണ്ടർ സെക്രട്ടറി തസ്തികയും, രണ്ട് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളും മന്ത്രിസഭയുടെ അനുമതിയോടെ മൂന്നുമാസത്തേക്ക് താൽക്കാലികമായി സൃഷ്ടിക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ ഉത്തരവിനായി ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

ജസ്റ്റിസ്.കെ.കെ.ദിനേശൻ കമ്മീഷന്റെ പ്രവർത്തനത്തിനായി താഴെ പറയുന്ന തസ്തികകൾ കമ്മീഷന്റെ പ്രവൃത്തി തീരുന്നതുവരെ താത്കാലികമായി സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കാമോ ?

| തസ്തിക | എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|
| അണ്ടർ സെക്രട്ടറി | ഒന്ന് | 45800-89000 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | രണ്ട് | 20000-45800 |

**GOVERNMENT OF KERALA**
**(SRI. PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1. | File No. | : | Rules-1/383/2019-P&ARD |
| 2. | Department | : | Personnel and Administrative Reforms (Rules) Department |
| 3. | Subject | : | P&ARD - Creation of posts of one Under Secretary and two Computer Assistants for the office of Justice K K Dineshan Commission temporarily – Reg. |
| 4. | Date of Chief Minister's order for placing before the Council | : | 09/10/2020 |
| 5. | (i) Does the case involve financial commitments/implications | : | Yes |
| | (ii) If the answer to the above is in the affirmative whether Finance Department has been consulted and their remarks incorporated in the Council Note | : | Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | : | N. A |
| 7. | Name of Joint Secretary who submitted the Draft Note | : | Shri.Nazarudeen.A |
| 8. | Name of Additional Chief Secretary who approved the Draft Note | : | Dr.Asha Thomas |
| 9. | Date of approval of the Draft Note for the Council by the Additional Chief Secretary | : | 15.10.2020 |
| 10. | Name of Chief Secretary who approved the Draft Note | : | Dr.Vishwas Mehta |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 19.10.2020 |
| 12. | Name of Minister who approved the Draft Note | : | Sri. Pinarayi Vijayan |
| 13. | Date of approval of the Draft Note for the Council by the Minister | : | 20.10.2020 |
| 14. | Date of submission of fair copies | : | 20.10.2020 |
| 15. | Date of decision by the Council of Ministers | : | 21.10.2020 |
| 16. | Number and date of the G.O./Letter communicating the decision | : | G.O. (Ms) No. 12/2020/P&ARD dated: 23.10.2020 |

# NOTE FOR THE COUNCIL OF MINISTERS

This note deals with the creation of posts for the office of Justice.K. K.Dineshan, single member Commission appointed to examine and submit a report to Government on the inclusion of Rule 14(e) in Kerala State and Subordinate Services Rules, 1958 and related matters.

2. A new proviso 14(e) was inserted in 2006 in the Kerala State & Subordinate Services Rules based on the report of Justice Narendran Commission. As per this proviso, a supplementary list of sufficient number of suitable candidates, not less than five times the reservation quota, if available, from each community or group of communities for the purpose of satisfying the reservation quota, is being prepared and published. This consequently paves the way to petitions seeking extension of ranked lists, litigations and grievances/complaints from candidates. The Cabinet Meeting held on 18-12-2019 decided to appoint Justice.K.K.Dineshan, Ombudsman, Local Self Government Institutions as a single member Commission to analyse this and related matters. Accordingly G.O (Ms) No.15/2019/P&ARD dated 20-12-2019 was issued appointing the Commission.

3. The Commission requested the following facilities to start functioning:-

1. Member Secretary
2. Confidential Assistant/ Stenographer
3. Assistant/Clerk
4. Vehicle
5. Stationary Articles
6. Office

4. As per the G.O (Rt)No.189/2020/P&ARD dated 08-09-2020, two suitable rooms in the Institute of Management in Government were allocated for the functioning of the Commission. When the proposal of creating necessary posts for the Commission was being examined, the Commission requested to take urgent steps for posting an officer in the rank of Under Secretary, two Computer Assistants along with other basic facilities .

5. General Administration Department was requested to appoint the officials as per the request from the Commission through Working Arrangement, considering the fact that creation of post would result in further delay and accordingly the General Administration Department issued orders appointing one Under Secretary and two Computer Assistants on Working Arrangement basis.

6. Since the practice of Working Arrangement is strictly prohibited as per Circular No.1015/D2/92/P&ARD dated 15/01/1992 the Finance department was requested to accord sanction for creating the temporary posts of one Under Secretary and two Computer Assistants for a period of three months and the Finance department opined as follows.

"സ . ഉ ( കൈ ) നം . 15/2019/ ഉ . ഭ . പ . വ പ്രകാരം നിയമിച്ചിട്ടുള്ള ജസ്റ്റിസ് . കെ . കെ. ദിനേശൻ കമ്മീഷനു വേണ്ടി മെമ്പർ സെക്രട്ടറിയായി ഒരു അണ്ടർ സെക്രട്ടറിയുടെയും രണ്ടു കമ്പ്യൂട്ടർ അസ്സിസ്റ്റന്റിന്റെയും താത്കാലിക തസ്തികകൾ മൂന്നു മാസത്തേക്ക് മാത്രം സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു .

ഇതിനു ബഹു ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട് "

7. In these circumstances, when the file was circulated to Hon'ble Chief Minister for orders as to whether the matter of creation of the posts of one Under Secretary and two Computer Assistants temporarily for a period of three months for the functioning

of Justice Dineshan Commission before the Cabinet, Hon'ble Chief Minister has ordered to place the matter for the consideration of the Council of Ministers.

## POINT FOR DECISION

Whether orders may be issued creating the following posts temporarily till the work of the Commission is completed, for the functioning of Justice.K.K.Dineshan Commission?

| Post | Nos | Scale of Pay |
|---|---|---|
| Under Secretary | 1 | 45800-89000 |
| Computer Assistant | 2 | 20000-45800 |